**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1602** **08-12-2022 - ൽ മറുപടിയ്ക്ക്**

**കവളപ്പാറയിലെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമിയും വീട്ടും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കവളപ്പാറയിലെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പോത്ത്കല്ല് ടൗൺ ഓഡിറ്റോറിയത്തിൽ ദുരിതാശ്വാസ ക്യാമ്പ് നടത്തിയ വകയിൽ വിവിധ വകുപ്പുകൾ മുഖാന്തിരം 2019 മുതൽ നാളിതുവരെ ചെലവഴിച്ച തുക ഇനം തിരിച്ച് വിശദമാക്കുമോ; | (എ) | കവളപ്പാറയിലെ പട്ടികവർഗ്ഗ കുടുംബങ്ങളെ 2019 ലെ പ്രളയത്തെതുടർന്ന് പോത്ത്കല്ല് ടൗൺ ഓഡിറ്റോറിയത്തിലെ ദുരിതാശ്വാസ ക്യാമ്പിലേക്ക് മാറ്റുകയും ടി ആളുകൾക്ക് ഭക്ഷണം പാകം ചെയ്യുന്നതിനാവശ്യമായ ഗ്യാസ് സിലിണ്ടർ റീഫിൽ ചെയ്യുന്ന വകയിൽ ചെലവായ തുകയായ 3,37,314/- രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ടി ക്യാമ്പിലേക്ക് ഭക്ഷണസാധനം നൽകിയ വകയിൽ 11,52,406/- രൂപ സപ്ലൈകോയ്ക്ക് അനുവദിക്കുന്നതിനായി താലൂക്കിലേക്ക് ഫണ്ട് അനുവദിക്കുകയും ടി തുക കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. വൈദ്യുതി ചാർജ്ജ് ഇനത്തിൽ 2,15,092/-രൂപയും, ഓഡിറ്റോറിയം വാടക ഇനത്തിൽ 9,55,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കുടുംബങ്ങൾക്ക് സർക്കാരിന്റെ പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി ഭൂമിയും വീട്ടും വാങ്ങുന്നതിന് അനുവദിച്ച പണം കൈപ്പറ്റിയിട്ട് ഒരു വർഷമായെങ്കിലും ഇവരുടെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവനനിർമ്മാണം ഏതെങ്കിലും സംഘങ്ങളെയോ ഏജൻസികളെയോ ഏൽപ്പിച്ചിരുന്നോയെന്നും എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങളുടേയും വീട് നിർമ്മാണം ഉടൻ പൂർത്തീകരിച്ച് കൈമാറാൻ നിർദ്ദേശം നൽകിയിട്ടുണ്ടോയെന്നും അറിയിക്കുമോ; | (സി) | പട്ടിക വർഗ്ഗ കുടുംബങ്ങളുടെ വീട് നിർമ്മാണ പ്രവർത്തനത്തിനായി പ്രത്യേക ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടില്ല. വീട് നിർമ്മാണം പൂർത്തീയാക്കാത്ത ഗുണഭോക്താക്കൾക്ക് വീട് നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കുവാൻ നിർദ്ദേശം നല്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പോത്തുകല്ല് പഞ്ചായത്തിലെ ചാലിയാർ പുഴക്ക് കുറുകെ ഇരുട്ടുകുത്തി കടവിലെ ഇരുട്ടുകുത്തി, വാണിയമ്പുഴ, തിരിപ്പ പൊട്ടി, കുമ്പളപ്പാറ എന്നീ ആദിവാസി കോളനികളിലേക്ക് പാലം നിർമ്മിക്കാൻ നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ? | (ഡി) | പാലം നിർമ്മിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ,തദ്ദേശ സ്വയംഭരണ വകുപ്പ് ( LSGD sub division Nilambur Block Panchayath) 7,15,00,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ആയതിന്മേൽ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ